# നേരാ, ഈ മൂന്നു പെണ്ണുങ്ങൾ ചെത്തിയിറക്കും നീര



നീര ഉൽപാദനത്തിന്റെ ഭാഗമായി തെങ്ങു ചെത്ത് പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ശ്രീജ.

## ● യന്ത്രസഹായമില്ലാതെ തെങ്ങിൽക്കയറി നീര ചെത്തിയിറക്കുന്ന സ്ത്രീകൾ

കൂത്താട്ടുകുളം ● ചെത്തേണ്ടത് കള്ള് അല്ല, നീരയാണെങ്കിൽ ഏത് ഉയരവും കീഴടക്കാൻ ആലീസും ബെറ്റിയും ശ്രീജയും തയാറാണ്.

തേങ്ങയിടാൻ മാത്രമല്ല, തെങ്ങു ചെത്താനും വനിതകൾക്കു കഴിയുമെന്ന് തെളിയിക്കുകയാണ് ഇവർ. തേങ്ങയിടാൻ തെങ്ങിൽ കയറുന്നതിന് യന്ത്രം ഉണ്ടാകും. ആവശ്യമെങ്കിൽ സുരക്ഷാബെൽറ്റും ലഭ്യം. എന്നാൽ ചെത്താൻ തെങ്ങിൽ കയറുന്നതിന് ചകിരിത്തൊണ്ട് ചേർത്തു കെട്ടിയ നേർത്ത പടികളിലൂടെ ചവിട്ടിക്കയറണം.

തെങ്ങിൻ കവിളിൽ സാമർഥ്യത്തോടെ കയറി ഇരിക്കണം. കുല തല്ലിയൊരുക്കി, ചെത്തി, പാത്രം വച്ചുകെട്ടിയശേഷം മധുര പാനീയവുമായി താഴെയിറങ്ങണം. ഈച്ച പോലും വീഴാൻ അനുവദിക്കാതെ അത് സംസ്കരണപ്ലാന്റിലേയ്ക്ക് അയയ്ക്കണം.

ഈ ജോലികളെല്ലാം ദിവസം രണ്ടു നേരം ഒരു തേങ്ങ പൊതിക്കുന്ന ലാഘവത്തോടെ നിർവഹിക്കാൻ ഇവർ സജ്ജരായിക്കഴിഞ്ഞു. വെളിയന്നൂർ കുഴിയാനിയിൽ ബെറ്റി ജോയി, ഒലിയപ്പുറം പാമ്പാറയിൽ ആലീസ് മാത്തുണ്ണി, തിരുമാറാടി പാറേക്കുടിലിൽ ശ്രീജ രഞ്ജിത്ത് എന്നിവരാണ് പുരുഷൻമാർക്കൊപ്പം തെങ്ങുചെത്തുന്നത്.

നാളികേര വികസനബോർഡിന്റെ നേതൃത്വത്തിൽ കർഷകർ ചേർന്ന് ആരംഭിച്ച തിരുകൊച്ചി നാളികേര ഉൽപാദക കമ്പനിയുടെ നീര ടാപ്പർമാരായി ഇലഞ്ഞിയിൽ പരിശീലനം പൂർത്തിയാക്കുകയാണ് ഇവർ. ഇലഞ്ഞിയിലും കോതമംഗലം നെല്ലിമറ്റത്തുമായി കഴിഞ്ഞ 19നു ആരംഭിച്ച പരിശീലന പരിപാടിയിൽ 37 പുരുഷൻമാരും പങ്കെടുക്കുന്നു. ശ്രീജയുടെ ഭർത്താവ് രഞ്ജിത്തും ഇക്കൂട്ടത്തിലുണ്ട്.

രാവിലെ എട്ട് മുതൽ വൈകിട്ട് അഞ്ചു വരെ നീളുന്ന പരിശീലനത്തിന് ഡയറക്ടർ എം.ഐ പവിത്രൻ, കോ-ഓർഡിനേറ്റർമാരായ എൻ.കെ. ലക്ഷ്മണൻ, ടി.എം. പോൾ, പരിശീലകരായ മുരളി, വാസു, സത്യൻ, രവി, ഷിജു എന്നിവർ നേതൃത്വം നൽകുന്നു.

പരിശീലനം പൂർത്തിയാകുന്നതോടെ ഓണത്തിന് നീര വിപണിയിലിറക്കുമെന്ന് കമ്പനി ചെയർമാൻ ജോസഫ് ബാബു പറഞ്ഞു. ആദ്യഘട്ടത്തിൽ പരിശീലനം പൂർത്തിയാക്കിയ 40 പേരെ ഉപയോഗിച്ച് പ്രതിദിനം 400 തെങ്ങുകൾ ടാപ്പ് ചെയ്യാൻ കഴിയും. 1600 ലീറ്റർ നീരയാണ് ഇതിൽ നിന്നു പ്രതീക്ഷിക്കുന്നത്.

ആലുവയിൽ നാളികേര വികസനബോർഡിന്റെ പ്ലാന്റിൽ സംസ്കരിച്ചാണ് വിപണിയിൽ എത്തിക്കുന്നത്. ദിവസവും ശരാശരി ഒരു തെങ്ങിൽ നിന്ന് എട്ട് ലീറ്റർ നീര ലഭിക്കും. ചിലയിനം തെങ്ങുകളിൽ ഇത് 14 ലീറ്റർ വരെയാണ്. ലീറ്ററിന് 50 രൂപ വീതം കർഷകനും 25 വീതം ടാപ്പർക്കും ലഭിക്കും. വിപണിയിൽ എത്തുമ്പോൾ 100 രൂപയാണ് ഇതിന്റെ വില.



പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ബെറ്റി.



പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ആലീസ്.